പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5616

18/11/2019 ൽ മറുപടി നല്കേണ്ടത്.

# നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നെടുങ്ങോലം ഗവ. രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;<br><br>ബി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നെടുങ്ങോലം ഗവ.രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ അവസാനഘട്ട പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ പി.ഡബ്ല്യൂ. ഡി വഴി നടന്നുവരികയാണ്. സിവിൽ വിഭാഗവുമായി ബന്ധപ്പെട്ട് യൂണിറ്റിനകത്തുള്ള അലൂമിനിയം ഫാബ്രിക്കേഷൻ വർക്കുകളും സെപ്റ്റിക് ടാങ്ക് നിർമ്മാണവും നടന്നുവരുന്നു. ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട വയറിംഗ് വർക്കുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളും നടന്നു വരികയാണ്. വർക്കുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |
| സി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് | സി) | പി.ഡബ്ല്യൂ.ഡി സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്. ഡിസംബർ ആദ്യ ആഴ്ചയോടുകൂടിത്തന്നെ യൂണിറ്റിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് |

| | |
|---|---|
| വിശദമാക്കാമോ? | നടന്നുവരുന്നത്. കെട്ടിടം കൈമാറിക്കിട്ടിയാൽ ഉടൻ തന്നെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഡയാലിസിസ് മെഷീനുകൾ , RO plant GPS എന്നിവ ലഭ്യമാക്കി യൂണിറ്റ് പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ